# കേരള സർവകലാശാല

## തിരുവനന്തപുരം 695034

അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയം
ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ തിരുവനന്തപുരം
ഫോൺ – 0471 2386277

## മരം വിൽപന – ലേല പരസ്യം

കേരള സർവകലാശാലക്കു കീഴിൽ തൈക്കാട് പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (M.Ed) കെട്ടിടത്തിനു സമീപം മുറിച്ച് സൂക്ഷിച്ചിരിക്കുന്ന മഹാഗണി തടി ശിഖരങ്ങൾ (ഉദ്ദേശം 22 ക്യൂബിക് അടി) പരസ്യ ലേലം/ക്വട്ടേഷൻ വ്യവസ്ഥയിൽ വിൽപന നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

2015 ആഗസ്റ്റ് 13 വ്യാഴാഴ്ച രാവിലെ 11.30 ന് പാളയം സെനറ്റ് ഹൗസ് കാമ്പസിലുള്ള അസിസ്റ്റന്റ് എൻജിനീയറുടെ ഓഫീസിൽ വച്ച് നടത്തുന്ന ലേലത്തിൽ പങ്കെടുക്കുന്നതിന് താത്പര്യമുള്ളവർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അസിസ്റ്റന്റ് എൻജിനീയർ, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷന്റെ പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റും (800 രൂപ) സഹിതം പ്രസ്തുത സ്ഥലത്തും സമയത്തും നേരിട്ട് ഹാജരാകേണ്ടതുമാണ്

ടി തടി വാങ്ങുന്നതിന് ക്വട്ടേഷൻ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ക്വട്ടേഷനുകളും 800 രൂപയ്ക്കുള്ള മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം 2015 ആഗസ്റ്റ് 12 വൈകുന്നേരം 5 മണിക്കു മുൻപായി ലഭിക്കത്തക്ക വിധത്തിൽ തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന മുദ്ര വച്ച കവറുകൾക്ക് മുകളിൽ <u>'മഹാഗണി തടി വാങ്ങുന്നതിനുള്ള ക്വട്ടേഷൻ'</u> എന്ന് രേഖപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ, ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ തിരുവനന്തപുരം എന്ന വിലാസത്തിലാണ് സമർപ്പിക്കേണ്ടത്.

ലേല നടപടികൾക്കു ശേഷം ക്വട്ടേഷനുകൾ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയതുകയ്ക്ക് ക്വട്ടേഷൻ/ലേലം ഏറ്റെടുത്ത വ്യക്തിയ്ക്ക് രജിസ്ട്രാറുടെ അനുമതിക്കുവിധേയമായി യുക്തമെന്നു തോന്നുന്നപക്ഷം ലേലം സ്ഥിരപ്പെടുത്തി നൽകുന്നതുമായിരിക്കും. ടി വ്യക്തി ലേലതുകയും നിയമാനുസരണമുള്ള നികുതികളും {(14.5% VAT + 1% സെസ്സ്) + 5% വന നികുതി} ചേർത്ത് തുക അറിയിപ്പ് തീയതി മുതൽ 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവകലാശാല ക്യാഷ് കൗണ്ടറിൽ അടച്ച് ചെല്ലാൻ വാങ്ങേണ്ടതും, ചെല്ലാൻ (ഒറിജിനൽ) ടി ഓഫീസിൽ ഹാജരാക്കി സെയിൽ മെമ്മോ കൈപ്പറ്റേണ്ടതുമാണ്. സെയിൽ മെമ്മോ കൈപ്പറ്റി 5

ദിവസങ്ങൾക്കുള്ളിൽ സർവകലാശാല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ടി സാധനങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സർവകലാശാല വസ്തുവകകൾക്ക് നാശനഷ്ടമുണ്ടാക്കാതെ നീക്കം ചെയ്യേണ്ടതുമാണ്.

ലേലത്തിലും ക്വട്ടേഷനിലും പങ്കെടുത്ത വിജയികളല്ലാത്തവരുടെ (1, 2, 3 സ്ഥാനക്കാരുടേതൊഴികെ) നിരതദ്രവ്യം ലേലശേഷം മടക്കി നൽകുന്നതും 2, 3 സ്ഥാനക്കാരുടേത് തുക അടയ്ക്കുന്ന മുറയ്ക്കും ലേലം ഏറ്റെടുത്ത വ്യക്തിയുടേത് തടി നീക്കം ചെയ്ത് ക്ലിയറൻസ് കൈപ്പറ്റിയ ശേഷവും മടക്കി നൽകുന്നതാണ്.

മരം വിൽപന / ലേലവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തും സർവകലാശാലയിലും നിലവിലുള്ള എല്ലാ വ്യവസ്ഥകളും നിയമങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കും

യാതൊരു അറിയിപ്പും കൂടാതെ ക്വട്ടേഷൻ/ലേലം നിർത്തിവയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

ലേല ഉരുപ്പടി പരിശോധിക്കുന്നതിന് നോട്ടീസ് തീയതി മുതൽ 2015 ആഗസ്റ്റ് 12 ബുധനാഴ്ച വൈകുന്നേരം 5 മണിവരെ പ്രവൃത്തി സമയത്ത് അവസരം നൽകുന്നതും അളവുകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്..

തിരുവനന്തപുരം

05.08.2015 — അസിസ്റ്റന്റ് എൻജിനീയർ